021398

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ - കരാർ വ്യവസ്ഥയിൽ ജോലി ഏറ്റെടുക്കുന്നതിനുള്ള നിബന്ധന ഉൾപ്പെടുത്തിയ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (പാർലമെന്റ്) വകുപ്പ്**

സ.ഉ.(കൈ) നം. 28/16/സഹ. തീയതി, തിരുവനന്തപുരം, 02.05.2016

---

പരാമർശം :- 1) സ.ഉ (എം.എസ്) നം. 135/97/സഹ തീയതി 13.11.1997

2) സ.ഉ (പി) നം. 429/15/ഫിൻ തീയതി 28.09.2015

3) 17.02.2016 തീയതിയിൽ കേരള ലേബർ കോൺട്രാക്ട് സഹകരണ സംഘം വെൽഫെയർ അസോസിയേഷൻ സമർപ്പിച്ച നിവേദനം

OFFICE OF THE REGISTRAR OF CO-OPERATIVE SOCIETIES * THIRUVANANTHAPURAM
10 MAY 2016

**ഉത്തരവ്**

സഹകരണ മേഖലയിലെ ലേബർ കോൺട്രാക്ട് സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം കരാർ ജോലികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുന്നതിൽ നിന്നും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ഒഴിവ് നൽകിയിരുന്നു. ടെണ്ടർ ലഭിച്ച് കഴിഞ്ഞാൽ കരാറിലേർപ്പെടുന്ന സമയത്ത് കരാറുകാരൻ സെക്യൂരിറ്റിയായി അടക്കുന്ന തുകയെ സൂചിപ്പിക്കുന്ന പദമായിരുന്നു സെക്യൂരിറ്റി ഡെപ്പോസിറ്റ്. കലാന്തരത്തിൽ PWD മാന്വൽ ഭേദഗതി ചെയ്തതിന്റെയും മറ്റും ഫലമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്ന പദത്തിനു പകരം പെർഫോർമൻസ് ഗ്യാരണ്ടി എന്ന പദം മേൽ സൂചിപ്പിച്ച തുകയെ നിർവചിക്കുവാൻ പ്രയോഗത്തിൽ വരികയുണ്ടായി. ഇതിന്റെ ഫലമായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നും ആയതിനാൽ പരാമർശം (1) ലെ ഉത്തരവിലെ പത്താമത് പിരിവിൽ പരാമർശിക്കപ്പെട്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്ന പദത്തിനു പകരം സമാന അർത്ഥം വരുന്ന, നിലവിൽ പ്രയോഗത്തിലുള്ള 'പെർഫോർമൻസ് ഗ്യാരണ്ടി' എന്ന പദം ചേർക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 13.11.1997 ലെ സ.ഉ(എം.എസ്) നം. 135/97/സഹകരണം ഉത്തരവിലെ പത്താമത് പിരിവിൽ പരാമർശിച്ചിട്ടുള്ള "Security Deposit" എന്ന പദത്തിനു പകരം "Performance Guarantee" എന്ന പദം ചേർത്തുകൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം (1) ലെ ഉത്തരവ് ഇപ്രകാരം ഭേദഗതി വരുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**പി.വാസന്തി**

ജോയിന്റ് സെക്രട്ടറി

ഗവ.സ്പെഷ്യൽ സെക്രട്ടറിക്ക് വേണ്ടി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. കേരള ലേബർ കോൺട്രാക്ട് സൊസൈറ്റീസ് വെൽഫെയർ അസോസിയേഷൻ. മണ്ണന്തല, തിരുവനന്തപുരം
3. ചീഫ് എഞ്ചിനീയർ (Roads & Bridges)/ (B&LW)/ (Irrigation)
4. ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
5. ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
6. അക്കൗണ്ടന്റ് ജനറൽ (A&E)/Audit, Kerala
7. ധനകാര്യ വകുപ്പ് (അറിവിലേക്കായി)
8. പൊതുമരാമത്ത് വകുപ്പ് (അറിവിലേക്കായി)
9. ജലസേചന വകുപ്പ് (അറിവിലേക്കായി)
10. തദ്ദേശസ്വയംഭരണ വകുപ്പ് (അറിവിലേക്കായി)
11. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ